DDEPTA/3587/2024-C4

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യലായം
പത്തനംതിട്ട,തിരുവല്ല
തീയതി :05/12/2024
ഫോൺ നമ്പർ :0469-2600181
ഇ മെയിൽ ;ddepta.dge@kerala.gov.

പ്രേഷകൻ

വിദ്യാഭ്യാസ ഉപഡയറക്ടർ
പത്തനംതിട്ട,തിരുവല്ല

സ്വീകർത്താവ്

എല്ലാ ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ പ്രധാനാദ്ധ്യാപകരും

സർ

വിഷയം:- 2024-25 പത്തനംതിട്ട റവന്യൂ ജില്ലാ സ്കൂൾ കലോത്സവം അപ്പീലുകൾ പരിശോധിച്ചു തീർപ്പാക്കുന്നത് സംബന്ധിച്ച് .

സൂചന:-05/12/2024 ലെ വിദ്യാഭ്യാസ ഉപഡയറക്ടർ പത്തനംതിട്ടയുടെ DDEPTA/3579/2024 ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പീൽ കമ്മറ്റി.

2024 ലെ പത്തനംതിട്ട റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിന്റെ അപ്പീലുകൾ 2024 ഡിസംബർ 7 ന് തിരുവല്ല ഡയറ്റിൽ വെച്ച് പരിശോധിക്കുന്നതാണ്. അപ്പീലുകൾ പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് കുട്ടികളെ നേരിൽ കേൾക്കുന്നതിനായി അപ്പീലുകൾ സമർപ്പിച്ചിട്ടുള്ള കുട്ടികൾക്ക് ബന്ധപ്പെട്ട സ്കൂളുകളിൽ നിന്നും കൂടിക്കാഴ്ചക്ക് എത്തുന്നതിന് അറിയിപ്പ് നൽകേണ്ടതാണ്.

1. അപ്പീൽ സമർപ്പിച്ചിട്ടുള്ള കുട്ടിയെ മാത്രമേ അപ്പീൽ കമ്മറ്റി മുൻപാകെ കൂടിക്കാഴ്ചക്ക് അനുവദിക്കുകയുള്ളു.
2. ടീം ഇനങ്ങളിൽ അപ്പീൽ നൽകിയിട്ടുള്ളവരിൽ ഒരാൾ മാത്രം (ടീം ക്യാപ്റ്റൻ/അപ്പീൽ നൽകിയിട്ടുള്ള വിദ്യാർത്ഥി) കൂടിക്കാഴ്ചക്ക് എത്തിയാൽ മതിയാകും, ടീമംഗങ്ങൾ മുഴുവനായും എത്തേണ്ടതില്ല.
3. അപ്പീൽ കമ്മറ്റി 07/12/2024 രാവിലെ 10 ന് ആരംഭിക്കുന്നതാണ്
4. അപ്പീലുകൾ പരിശോധിക്കുന്നത് ചുവടെ പറയുന്ന ഓർഡർ പ്രകാരം ആയിരിക്കും
5. 26/11/2024, 27/11/2024 തീയതികളിൽ നടന്ന പ്രൊഗ്രാമുകളുടെ അപ്പീലുകൾ രാവിലെ പരിശേധിക്കുന്നതാണ്. ആയതിനാൽ ടി രണ്ടു ദിവസങ്ങളിലെ പ്രോഗ്രാമുകളിൽ പങ്കെടുത്ത കുട്ടികൾ രാവിലെ കൂടിക്കാഴ്ചക്ക് തയാറായി എത്തേണ്ടതാണ്
6. 28/11/2024, 29/11/2024 തീയതികളിൽ നടന്ന പ്രൊഗ്രാമുകളുടെ അപ്പീലുകൾ ഉച്ചക്ക് ശേഷം ആയിരിക്കും പരിശേധിക്കുന്നത്. ആയതിനാൽ ടി രണ്ടു ദിവസങ്ങളിലെ പ്രോഗ്രാമുകളിൽ പങ്കെടുത്ത കുട്ടികൾ ഉച്ചക്ക് കൂടി കാഴ്ചക്ക് എത്തിയാൽ മതിയാകും.

വിദ്യാഭ്യാസ ഉപഡയറക്ടർ
പത്തനംതിട്ട,തിരുവല്ല

Scanned with OKEN Scanner